SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/06/2023.

1. നാളികേര വികസന ബോർഡ്, തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം ലഭിച്ചവർക്കായി തെങ്ങ് കയറ്റം, തെങ്ങ് സംരക്ഷണം, വിളവെടുപ്പ് ഉൾപ്പടെ തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു കോൾ സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നു. കോൾ സെന്ററിനാവശ്യമായ ഡാറ്റാബേസ് നിർമ്മിക്കുന്നതിന് വേണ്ടി വിവിധ നാളികേര ഉത്പാദക ഫെഡറേഷനുകൾ/കമ്പനികൾ/സൊസൈറ്റികൾ, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, കൃഷിഭവനുകൾ വഴി നാളിതുവരെ ബോർഡ് സംഘടിപ്പിച്ചിട്ടുള്ള തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുത്ത് തെങ്ങ് കയറ്റം തൊഴിലായി സ്വീകരിച്ചിട്ടുള്ളവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു കൊണ്ടിരിക്കുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്തും. താൽപര്യമുള്ള തെങ്ങിന്റെ ചങ്ങാതിമാർ വിവരങ്ങൾ നൽകുന്നതിനായി cdbpub@gmail.com എന്ന മെയിൽ ഐഡിയിലോ 0484 2376265, 2376137, 8848061240 എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്രവിഭാഗത്തിൽ കൂർക്ക തലകൾ, മുരിങ്ങക്കമ്പുകൾ എന്നിവ വില്പനക്ക് തയ്യാറായിട്ടുണ്ട്. വില ഒരു കൂർക്ക തലക്ക് ഒരു രൂപ, മുരിങ്ങക്കമ്പ് ഒന്നിന് 20 രൂപ. വില്പന സമയം രാവിലെ 9 മണി മുതൽ 4 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ കരുമാലൂർ കരിമീൻ വിത്തുല്പാദക കർഷക സംഘം ഉല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള കരിമീൻ കുഞ്ഞുങ്ങളുടെ വില്പന കേരള അഗ്രോ ഇൻഡിസ്ട്രീസ് കോർപറേഷൻ (കെയ്കോ)യുടെ അങ്കമാലി അത്താണി വിപണന കേന്ദ്രത്തിൽ നിന്നും ആരംഭിച്ചു. കെയ്കോയുടെ 0484-2474267 അല്ലെങ്കിൽ 8547721150 എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക് എല്ലാ മാസവും ആദ്യത്തെ വ്യാഴാഴ്ച രാവിലെ 10 മണിക്ക് അത്താണി വിപണന കേന്ദ്രത്തിൽ നിന്നും കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതാണ്. അൻപത് കുഞ്ഞുങ്ങൾ കൊള്ളുന്ന ഓക്സിജൻ നിറച്ച ബാഗുകളിലാണ് വിതരണം. 2 മുതൽ 3 സെന്റീമീറ്റർ വരെ വലുപ്പമുള്ള കുഞ്ഞുങ്ങൾക്ക് ബാഗൊന്നിനു 345 രൂപയും 4 മുതൽ 5 സെന്റിമീറ്റർ വരെ വലുപ്പമുള്ള

കുഞ്ഞുങ്ങൾക്ക് ബാഗൊന്നിന് 575 രൂപയുമാണ് വില. 20 ബാഗിൽ കൂടുതൽ ബുക്ക് ചെയ്യുന്ന കർഷകർക്ക് എറണാകുളം ജില്ലയിലെവിടേയും കൃഷിയിടത്തിൽ എത്തിച്ചുകൊടുക്കുന്നതാണ്.

4. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ ഇന്തോ-ഫ്രഞ്ച് സെന്റർ ഫോർ ദി പ്രൊമോഷൻ ഓഫ് അഡ്വാൻസ്ഡ് റിസേർച്ച് പ്രോജക്ടിൽ 'ജൂനിയർ റിസേർച്ച് ഫെല്ലോ' ആയി താൽകാലികാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർക്ക് ബയോടെക്നോളജി, അഗ്രിക്കൾച്ചർ, ബോട്ടണി, മൈക്രോബയോളജി എന്നീ വിഷയങ്ങളിലേതിലെങ്കിലും ഒന്നാം ക്ലാസ് ബിരുദാനന്തരബിരുദമോ എം.ടെക്കോ ഉണ്ടായിരിക്കണം. 2023 ഏപ്രിൽ 30-ന് മുപ്പത് വയസ്സ് കഴിയാൻ പാടില്ല. മോളിക്യുലർ ബയോളജി, ബയോ ഇൻഫോർമാറ്റിക്സ് അനാലിസിസ്, കംപ്യൂട്ടർ പ്രോഗ്രാമിങ് എന്നിവയിലുള്ള പരിചയം അഭിലഷണീയം. താൽപര്യമുള്ളവർ ബയോഡേറ്റ സഹിതം അസിസ്റ്റന്റ് സെക്രട്ടറി, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, പുതുപ്പള്ളി, കോട്ടയം എന്ന വിലാസത്തിൽ 2023 ജൂൺ 23-ന് ലഭിക്കത്തക്കവണ്ണം അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.org.in സന്ദർശിക്കുക.

5. കോട്ടയം, കോഴ ജില്ലാ കൃഷിത്തോട്ടത്തിൽ WCT, DxT തെങ്ങിൻതൈകൾ, കുള്ളൻ തെങ്ങിൻ തൈകൾ, കുരുമുളക്, ജാതി ഗ്രാഫ്റ്റ്, പ്ലാവ്, മാവ്, സപ്പോട്ട, റമ്പൂട്ടാൻ ഗ്രാഫ്റ്റുകൾ, പേര ലെയർ, നാരകം, ഒടിച്ചു കുത്തി നാരകം, ജാമ്പ, ചെറി, ടിഷ്യുകൾച്ചർ വാഴ, കാരമ്പോള, ബറാബ, ആത്ത, മിറക്കിൾ ഫ്രൂട്ട്, കറിവേപ്പില, മാതളം തൈകൾ, മുളകു വിത്തുകൾ, പയർ, പാവൽ, വെള്ളരി, വെണ്ട മത്തൻ, വഴുതന, കുറ്റിപയർ, ചീര വിത്തുകൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0482 2232684, 9383470721 എന്ന നമ്പരിൽ ബന്ധപ്പെടുക.

6. ബാലരാമപുരം നാളികേര ഗവേഷണ കേന്ദ്രത്തിൽ മോഹിത് നഗർ, രത്നഗിരി, സൈഗോൺ എന്നീ ഇനങ്ങളിലുള്ള നല്ലയിനം കമുകിൻ തൈകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0471–2400621** എന്ന നമ്പറിൽ ബന്ധപ്പെടുക.

7. പനമരം ബ്ലോക്ക് പഞ്ചായത്ത് 2022-2023 വർഷം നടപ്പിലാക്കുന്ന ഗോ ജീവ സുരക്ഷാ സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതിയുടെ സേവനം ഈ മാസം 17 വരെയുള്ള ദിവസങ്ങളിൽ പൂതാടി

ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമാണ്. പ്രവൃത്തി സമയം - രാവിലെ 10 മുതൽ വൈകിട്ട് 5 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനെയോ നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9074583866 എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

8. ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 20,21 തീയതികളിൽ **"ശുദ്ധമായ പാലുൽപാദനം"** എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഈ മാസം 17 നു വൈകിട്ട് 5 മണിയ്ക്കു മുമ്പായി നേരിട്ടോ, 0471- 2440911 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471 2440911 മേൽവിലാസം: ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ. തിരുവനന്തപുരം - 695004. ഇമെയിൽ ഐ ഡി: principaldtctvm@gmail.com ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം